(സി) ഇതിനുവേണ്ടിയുള്ള കരട് പദ്ധതി സർക്കാർ അംഗീകരിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവ് ഉടൻതന്നെ പുറപ്പെടുവിക്കുന്നതാണ്.

മൺപാത്ര വ്യവസായത്തിന്റെ സംരക്ഷണവും ആധുനികവത്ക്കരണവും

72 [1277] ശ്രീ. കെ. മോഹൻകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൺപാത്ര തൊഴിലാളികളുടെ ക്ഷേമത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും ഇനി സ്വീകരിക്കുവാനുദ്ദേശിക്കുന്നതെന്നും അറിയിക്കാമോ ;

(ബി) മൺപാത്ര നിർമ്മാണവുമായി ബന്ധപ്പെട്ട് തൊഴിൽ ചെയ്യുന്നവരുടെ എണ്ണം എത്രയെന്ന് അറിയിക്കാമോ ;

(സി) മൺപാത്ര മേഖലയിലെ തൊഴിൽ അവസരങ്ങൾ വർദ്ധിപ്പിക്കാനും ആധുനികവത്ക്കരിക്കാനും എന്തെല്ലാം പരിപാടികളാണ് പരിഗണനയിലുള്ളതെന്നും വ്യക്തമാക്കാമോ ;

(ഡി) മൺപാത്ര തൊഴിലാളികളുടെ പെൺമക്കൾക്ക് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇപ്പോൾ നിലവിലുള്ള കേരള കൈ തൊഴിലാളി വിദഗ്ദ്ധ തൊഴിലാളി ക്ഷേമ പദ്ധതിയിൽ അംഗമാകുന്ന മൺപാത്ര തൊഴിലാളികൾക്ക് ഈ പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങൾ (റിട്ടയർമെന്റ് ആനുകൂല്യം, വിവാഹാനുകൂല്യം, പ്രസവാനുകൂല്യം, മരണാനന്തരാനുകൂല്യം, വിദ്യാഭ്യാസാനുകൂല്യം) ഇപ്പോൾ നൽകിവരുന്നു. കൂടാതെ അസംഘടിത തൊഴിലാളികൾക്കായി "അസംഘടിത തൊഴിലാളികൾക്കുള്ള ക്ഷേമപദ്ധതി" കേന്ദ്ര സർക്കാരിന്റെ പരിഗണനയിലാണ്. ഈ പദ്ധതിയിൽ മൺപാത്ര നിർമ്മാണം ഒരു വിഭാഗമായി ഉൾപ്പെടുത്തുന്നുണ്ട്. ഇത് പ്രാവർത്തികമാകുന്ന മുറയ്ക്ക് ഈ പദ്ധതി ഉറപ്പുനൽകുന്ന ആനുകൂല്യങ്ങൾ ലഭിക്കുന്നതാണ്.

(ബി) ഈ മേഖലയിൽ തൊഴിൽ ചെയ്യുന്നവരുടെ കണക്ക് തൊഴിൽ വകുപ്പ് ശേഖരിച്ചിട്ടില്ല. എന്നാൽ കേരള കൈതൊഴിലാളി വിദഗ്ദ്ധ തൊഴിലാളി ക്ഷേമ പദ്ധതിയിൽ 2005 ജനുവരി 31 വരെ മൺപാത്ര നിർമ്മാണവുമായി ബന്ധപ്പെട്ട 2303 പേർ അംഗത്വം സ്വീകരിച്ചിട്ടുണ്ട്.

(സി) ഇക്കാര്യം തൊഴിൽ വകുപ്പിന്റെ പരിഗണനയിൽ ഇല്ല.

(ഡി) കേരള കൈ തൊഴിലാളി വിദഗ്ദ്ധ തൊഴിലാളി ക്ഷേമ പദ്ധതിയിൽ അംഗമാകുന്ന തൊഴിലാളികളുടെ കുട്ടികൾക്ക് വിദ്യാഭ്യാസത്തിനുവേണ്ടി സ്കോളർഷിപ്പ് ഏർപ്പെടുത്തിയിട്ടുണ്ട്. അംഗീകൃത സർവ്വകലാശാലയുടെ അഫിലിയേഷൻ ഉള്ള സ്ഥാപനങ്ങളിൽ റഗുലർ കോഴ്സിന് പഠിക്കുന്നവർക്ക് മെരിറ്റ് അടിസ്ഥാനത്തിൽ ആണ് ഇത് നൽകുന്നത്.

LIBRARY ARCHIVES Kerala Legislative Assembly